# പതിനാലാം കേരള നിയമസഭ
## 5-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 4649** — **18.05.2017 -ൽ മറുപടിയ്ക്ക്**

### മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിയ ടൂറിസം പദ്ധതികൾ

**ചോദ്യം**
ശ്രീ.പി.ഉബൈദുള്ള

**ഉത്തരം**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | മലപ്പുറം മണ്ഡലത്തിൽ ടൂറിസം മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | ശാന്തിതീരം റിവർസൈഡ് വാക്ക് വെ, കോട്ടക്കുന്ന് ടൂറിസം പദ്ധതി എന്നിവയ്ക്ക് എന്തു തുക അനുവദിച്ചു ; ഈ തുക പരിപൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | ശാന്തിതീരം റിവർസൈഡ് വാക്ക് വെ പദ്ധതിയ്ക്ക് രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 1,09,63,200/- രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.<br>കോട്ടക്കുന്ന് ടൂറിസം പാർക്കിൽ ടൂറിസം പദ്ധതികൾക്കായി 4,73,83,410/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3,73,83,410/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. |
| (സി) | മിനി ഊട്ടിയിൽ ഒരു ടൂറിസം പദ്ധതി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകുമോ ? | (സി) | മിനി ഊട്ടിയിൽ ടൂറിസം പദ്ധതികൾക്കായി നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ